## സുവർണ ജൂബിലി ആഘോഷം

## കോളേജ് വിദ്യാർത്ഥികൾക്കുള്ള ക്വിസ് മത്സരം

കേരളനിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലെയും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള പോളിടെക്നിക്കുകളിലെയും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കായി ഒരു ക്വിസ്സ് മത്സരം സംഘടിപ്പിക്കുന്നു.

### മാർഗനിർദ്ദേശങ്ങൾ

1. കേരള നിയമസഭാ ചരിത്രം, പാർലമെന്ററി ജനാധിപത്യം, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്വിസ് മത്സരത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലെയും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള പോളിടെക്നിക്കുകളിലെയും വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്ക് പങ്കെടുക്കാം.
2. 2007 നവംബർ 13-ാം തീയതി ക്വിസ് മത്സരം സംബന്ധിച്ച് യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ / ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ അവരുടെ അധികാര പരിധിയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളിലേയ്ക്കും/ പോളിടെക്നിക്കുകളിലേയ്ക്കും ഇതു സംബന്ധിച്ച വിശദാംശങ്ങൾ കൈമാറേണ്ടതാണ്.
3. 2007 നവംബർ 19 മുതൽ 22-ാം തീയതിക്കകം പ്രിൻസിപ്പൽമാർ കോളേജു തലത്തിലുള്ള മത്സരം നടത്തി വിജയികളാകുന്ന രണ്ടുപേരടങ്ങുന്ന ഒരു ടീമിനെ സംബന്ധിച്ച വിശദാംശം യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ / ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമക്ഷം 2007 നവംബർ 24-ാം തീയതിക്കകം രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. 2007 നവംബർ 30-ാം തീയതിക്കകം രജിസ്ട്രേഷൻ നടത്തിയ ടീമുകളുടെ എണ്ണം പൂർണ്ണവിവരം സഹിതം ജില്ല തിരിച്ച് അതാതു യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ / ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നിയമസഭാസെക്രട്ടേറിയറ്റിനെ അറിയിക്കേണ്ടതാണ്.
5. ഇപ്രകാരം രജിസ്ട്രേഷൻ നടത്തിയ ടീമുകളുടെ എണ്ണം അനുസരിച്ച് പ്രാഥമിക എഴുത്തുപരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ 10 എണ്ണം വീതമുള്ള മുദ്രവച്ച പാക്കറ്റുകളായി ജില്ലാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി അതാത് യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്ക്/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നിയമസഭാ സെക്രട്ടേറിയറ്റ് അയയ്ക്കുന്നതാണ്.

6. 2007 ഡിസംബർ 12-ാം തീയതി രാവിലെ 10.00 മണി മുതൽ 11.30 വരെ ജില്ലാകേന്ദ്രങ്ങളിൽ വച്ച് നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്ന ചോദ്യപേപ്പർ അനുസരിച്ച് പ്രാഥമിക എഴുത്തുപരീക്ഷ നടത്തേണ്ടതാണ്. പരീക്ഷാകേന്ദ്രം അതാതു യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.

7. പരീക്ഷ നടത്തിപ്പ്, ഉത്തരക്കടലാസിന്റെ മൂല്യ നിർണ്ണയം, എന്നിവ അതാത് യൂണിവേഴ്സിറ്റി രജിസ്ട്രാർമാരിൽ/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

8. മൂല്യനിർണ്ണയത്തിനുള്ള ഉത്തരസൂചിക അതാത് യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്ക്/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് നിയമസഭാ സെക്രട്ടേറിയറ്റ് അയച്ചുതരുന്നതാണ്.

9. പ്രസ്തുത എഴുത്തുപരീക്ഷയിൽ അതാത് യൂണിവേഴ്സിറ്റി/പോളിടെക്നിക്കുകളിലെ ആദ്യത്തെ എട്ടു സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്കായി 2007 ഡിസംബർ 17-ാം തീയതി യൂണിവേഴ്സിറ്റി / പോളിടെക്നിക് തലത്തിൽ ക്വിസ് മത്സരം നടത്തേണ്ടതിന്റെ പൂർണ്ണചുമതല അതാത് യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്കും ആയിരിക്കും.

10. യൂണിവേഴ്സിറ്റി / പോളിടെക്നിക് തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമുകൾ നിയമസഭ നടത്തുന്ന സെമിഫൈനൽ മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടുന്നതാണ്.

11. യൂണിവേഴ്സിറ്റി / പോളിടെക്നിക് തലത്തിലെ ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ടീമുകൾക്ക് മെമന്റോയും, പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റും നിയമസഭ നൽകുന്നതാണ്. കൂടാതെ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ടീമുകൾക്ക് യൂണിവേഴ്സിറ്റി വക ക്യാഷ് പ്രൈസും ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ സമ്മാനങ്ങൾ 2007 ഡിസംബർ 17-ാം തീയതി വൈകുന്നേരം സംഘടിപ്പിക്കുന്ന പൊതുചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതാണ്.

12. യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ/ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിന്റെ പേരുവിവരം 2007 ഡിസംബർ 18-ാം തീയതി തന്നെ നിയമസഭാസെക്രട്ടേറിയറ്റിനെ അറിയിക്കേണ്ടതാണ്.

13. യൂണിവേഴ്സിറ്റിതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന 7 ടീമുകളെയും പോളിടെക്നിക് തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള രണ്ടു സെമിഫൈനൽ മത്സരങ്ങൾ 2008 ജനുവരി രണ്ട്/മൂന്നാം വാരം നടത്തുന്നതാണ്.

14. രണ്ടു സെമിഫൈനൽ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമുകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഫൈനൽ മത്സരം സെമിഫൈനൽ മത്സരം നടക്കുന്നതിന്റെ തൊട്ടടുത്ത ദിവസം നടത്തുന്നതാണ്.

15. സെമി ഫൈനൽ, ഫൈനൽ മത്സരങ്ങൾ ദൂരദർശൻ സംപ്രേഷണം ചെയ്യുന്നതാണ്.

16. തിരുവനന്തപുരത്തു വച്ചു നടക്കുന്ന സെമിഫൈനൽ, ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കും അനുഗമിക്കുന്ന ഒരു രക്ഷകർത്താവ് / അധ്യാപകനും സ്ലീപ്പർ ക്ലാസ്സ് യാത്രാ ബത്തയും താമസസൗകര്യവും നൽകുന്നതാണ്.

17. പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികൾ ഫോട്ടോ ഐഡന്റിറ്റി കാർഡും ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

18. സെമിഫൈനൽ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമുകൾക്ക് യഥാക്രമം 5000/രൂപ, 3000/- രൂപ എന്ന നിരക്കിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

19. ഫൈനൽ മത്സരത്തിൽ ഒന്നും രണ്ടും സമ്മാനാർഹരാകുന്ന ടീമിന് യഥാക്രമം 10000/-, 7000/- രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. ഇതു കൂടാതെ ***പ്രത്യേക സമ്മാനങ്ങളും*** നൽകുന്നതാണ്.

20. സമ്മാനദാനം 2008 ഏപ്രിൽ 27-ാം തീയതി വൈകുന്നേരം കേരളനിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ സമാപന ചടങ്ങിൽ വച്ച് നടത്തുന്നതാണ്.

21. യൂണിവേഴ്സിറ്റിതല ക്വിസ് മത്സരങ്ങളുടെ ഏകോപനം കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

22. ക്വിസ് മത്സരം സംബന്ധിച്ച എല്ലാ വിഷയങ്ങളിലും അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ / ക്വിസ്സ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും.

**Kerala Legislative Assembly - Golden Jubilee Celebrations 2007-08**

Activity Time Frame for the Quiz Programme at the University Level

| Sl.No. | Activity | Days |
|---|---|---|
| 1. | Informing the Colleges on Quiz Programme by the Registrar | 2007 November 13 |
| 2. | Conducting the Competition at the College Level by the Principal | 2007 November 19-22 |
| 3. | Registering the names of the Selected College Team to the University Registrar | 2007 November 24 |
| 4. | Classification of College teams into District- wise list and informing the same to the Legislature Secretariat | 2007 November 30 |
| 5. | Sending of Questions to the University Registrars by Legislature Secretariat | 2007 December 7 |
| 6. | Conducting Written test at District Level by Registrar | 2007 December 12 |
| 7. | Quiz Competition at University Level | 2007 December 17 |
| 8. | Informing the Legislature Secretariat on the University Level winners by Registrar | 2007 December 18 |
| 9. | Conducting of Semi-Finals at Thiruvananthapuram | 2008 January 2nd / 3rd Weeks |
| 10. | Final | Next day of Conducting the Semi-final |

**Kerala Legislative Assembly - Golden Jubilee Celebrations 2007-08**

Activity Time Frame for the Quiz Programme at the Polytechnic Level

| Sl.No. | Activity | Days |
| --- | --- | --- |
| 1. | Informing the Polytechnics on Quiz Programme by Director of Technical Education | 2007 November 13 |
| 2. | Conducting of Competition at Polytechnics Level by the Principal | 2007 November 19-22 |
| 3. | Registering the names of Selected Polytechnic Team to the Director of Technical Education | 2007 November 24 |
| 4. | Classification of Polytechnic teams into District-wise list and informing the same to the Legislature Secretariat | 2007 November 30 |
| 5. | Sending of Questions to the Director of Technical Education by the Legislature Secretariat | 2007 December 7 |
| 6. | Conducting Written test at the district level by the Director of Technical Education | 2007 December 12 |
| 7. | Conducting Quiz Competition for the selection of State Level Polytechnic Team | 2007 December 17 |
| 8. | Informing the Legislature Secretariat about the Polytechnic Team | 2007 December 18 |
| 9. | Conducting of Semi-Finals at Thiruvananthapuram | 2008 January 2nd / 3rd Weeks |
| 10. | Final | Next day of Conducting the Semi-final |

## സുവർണ ജൂബിലി ആഘോഷം

## ഹൈസ്ക്കൂൾ തലത്തിലുള്ള ഉപന്യാസ മത്സരം

കേരളനിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗീകൃത ഹൈസ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്കായി ഒരു ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു.

<u>മാർഗനിർദ്ദേശങ്ങൾ</u>

1. സംസ്ഥാനത്തെ അംഗീകൃത ഹൈസ്ക്കൂൾ വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2. കേരള നിയമസഭാചരിത്രം, പാർലമെന്ററി ജനാധിപത്യം, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും ഒരേ സമയം പ്രാഥമിക ഉപന്യാസ മത്സരം നടത്തേണ്ടതാണ്.
3. 2007 നവംബർ 12-ാം തീയതി പ്രാഥമിക ഉപന്യാസ മത്സരത്തിന്റെ വിഷയം നിയമസഭാ സെക്രട്ടേറിയറ്റ് ഡി.പി.ഐ.യ്ക്ക് മുദ്രവച്ച കവറിൽ നൽകുന്നതാണ്.
4. 2007 നവംബർ 19-ാം തീയതി രാവിലെ 10.00 മണി മുതൽ 12.00 മണി വരെ ഹൈസ്കൂൾ തലത്തിലുള്ള പ്രാഥമിക മത്സരം ഡി.പി.ഐ. നടത്തേണ്ടതാണ്. മത്സരം നടത്തുന്നതിനും ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതിനുമുള്ള പൂർണ്ണ ചുമതല ഡി. പി. ഐ.യ്ക്ക് ആയിരിക്കും.
5. 2007 നവംബർ 30-ാം തീയതിക്കകം ഹൈസ്കൂൾ തലത്തിലുള്ള പ്രാഥമിക മത്സരങ്ങളിൽ വിജയികളാകുന്നവരുടെ എണ്ണം ജില്ല തിരിച്ച് ഡി. പി. ഐ. നിയമസഭാസെക്രട്ടേറിയറ്റിനെ അറിയിക്കേണ്ടതാണ്.
6. ഹൈസ്കൂൾ തലത്തിലുള്ള പ്രാഥമിക മത്സരങ്ങളിൽ വിജയികളാകുന്നവർക്കുവേണ്ടി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വച്ച് ജില്ലാ തല മത്സരം **2007 ഡിസംബർ രണ്ടാം വാരം** ഒരേ ദിവസം രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ നടത്തുന്നതാണ്. ഉപന്യാസം മലയാളഭാഷയിലായിരിക്കേണ്ടതും 500 വാക്കുകളിൽ കവിയാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ തമിഴ്, കന്നട, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഉപന്യാസങ്ങളും പ്രോത്സാഹന സമ്മാനത്തിനു വേണ്ടി പരിഗണിക്കുന്നതാണ്.
7. ജില്ലാതലമത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ തങ്ങൾ പഠിക്കുന്ന സ്ക്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രം/ഫോട്ടോ ഐഡന്റിറ്റി കാർഡ് മത്സരത്തിൽ പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണ്.
8. ജില്ലാതല മത്സരത്തിനുള്ള വിഷയവും ഉപന്യാസ രചനയ്ക്കുള്ള പ്രത്യേകം അച്ചടിച്ച കടലാസ്സുകളും ഡി.പി.ഐ.യ്ക്ക് മുദ്രവച്ച കവറിൽ കാലേകൂട്ടി നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്നതായിരിക്കും.
9. ജില്ലാതല മത്സരത്തിന്റെ നടത്തിപ്പും മൂല്യനിർണ്ണയവും ഡി.പി.ഐ.യുടെ പൂർണ്ണ ചുമതലയിലായിരിക്കും.
10. ഓരോ ജില്ലയിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1000/-രൂപ, 750/- രൂപ എന്ന നിരക്കിൽ കാഷ് അവാർഡും സർട്ടിഫിക്കറ്റും ഡി.പി.ഐ.യുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകം സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് നൽകുന്നതാണ്.

11. ജില്ലാതലത്തിൽ ഒന്നും, രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികളുടെ രചനകൾ, അവരുടെ പൂർണ്ണ വിവരങ്ങൾ സഹിതം **2008 ജനുവരി 15-ന്** മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

12. ഇത്തരത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും ഒന്നും, രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികളുടെ രചനകൾ നിയമസഭാ സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ വീണ്ടും മൂല്യനിർണ്ണയം നടത്തുന്നതും സംസ്ഥാനതല വിജയികളെ **2008 ജനുവരി 31-ന്** മുൻപായി പ്രഖ്യാപിക്കുന്നതുമാണ്.

13. സംസ്ഥാനതലത്തിലെ ഒന്നും, രണ്ടും മൂന്നും സ്ഥാനക്കാർക്ക് 5000/രൂപ, 3000/ രൂപ 2000/രൂപ എന്ന നിരക്കിൽ കാഷ് അവാർഡും സർട്ടിഫിക്കറ്റും **2008 ഏപ്രിൽ 27**-ാം തീയതി നിയമസഭ സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് നൽകുന്നതാണ്.

14. ഉപന്യാസ മത്സരം സംബന്ധിച്ച എല്ലാ വിഷയങ്ങളിലും അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

## സുവർണ ജൂബിലി ആഘോഷം

## ഹയർസെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്കുള്ള ഉപന്യാസ മത്സരം

കേരളനിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ അംഗീകൃത ഹയർസെക്കന്ററി, ടെക്നിക്കൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, ITI, ITC വിഭാഗങ്ങളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്കായി ഒരു ഉപന്യാസമത്സരം സംഘടിപ്പിക്കുന്നു.

## <u>മാർഗനിർദ്ദേശങ്ങൾ</u>

1. സംസ്ഥാനത്തെ അംഗീകൃത ഹയർസെക്കന്ററി, ടെക്നിക്കൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, ITI, ITC വിഭാഗങ്ങളിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

2. കേരള നിയമസഭാചരിത്രം, പാർലമെന്ററി ജനാധിപത്യം, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി സംസ്ഥാനത്തെ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും ഒരേ സമയം പ്രാഥമിക ഉപന്യാസ മത്സരം നടത്തേണ്ടതാണ്.

3. ഹയർസെക്കന്ററി, ടെക്നിക്കൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, ITI, ITC വിഭാഗങ്ങളിലെ ഉപന്യാസ മത്സരത്തിന്റെ ഏകോപനവും നടത്തിപ്പും (ജില്ലാ തലം വരെ) ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ നിർവ്വഹിക്കുന്നതാണ്.

4. 2007 നവംബർ 12-ാം തീയതി പ്രാഥമിക ഉപന്യാസ മത്സരത്തിന്റെ വിഷയം നിയമസഭാ സെക്രട്ടേറിയറ്റ് ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർക്ക് മുദ്രവച്ച കവറിൽ നൽകുന്നതാണ്.

5. 2007 നവംബർ 19-ാം തീയതി രാവിലെ 10.00 മണി മുതൽ 12.00 മണി വരെ ഹയർസെക്കന്ററി തലത്തിലുള്ള പ്രാഥമിക മത്സരം ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ നടത്തേണ്ടതാണ്. മത്സരം നടത്തുന്നതിനും ഉത്തരക്കടലാസ് മൂല്യനിർണ്ണയംനടത്തുന്നതിനുമുള്ള പൂർണ്ണ ചുമതല ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർക്ക് ആയിരിക്കും.

6. 2007 നവംബർ 30-ാം തീയതിക്കകം ഹയർ സെക്കന്ററി തലത്തിലുള്ള പ്രാഥമിക മത്സരങ്ങളിൽ വിജയികളാകുന്നവരുടെ എണ്ണം ജില്ല തിരിച്ച് ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ നിയമസഭാസെക്രട്ടേറിയറ്റിനെ അറിയിക്കേണ്ടതാണ്.

7. ഹയർസെക്കന്ററി തലത്തിലുള്ള പ്രാഥമിക മത്സരങ്ങളിൽ വിജയികളാകുന്ന വർക്കുവേണ്ടി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വച്ച് ജില്ലാതല മത്സരം **2007 ഡിസംബർ രണ്ടാം വാരം** ഒരേ ദിവസം രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ നടത്തുന്നതാണ്. ഉപന്യാസം മലയാളഭാഷയിലായിരിക്കേണ്ടതും 500 വാക്കുകളിൽ കവിയാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ തമിഴ്, കന്നട, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഉപന്യാസങ്ങളും പ്രോത്സാഹന സമ്മാനത്തിനു വേണ്ടി പരിഗണിക്കുന്നതാണ്.

8. ജില്ലാതലമത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ തങ്ങൾ പഠിക്കുന്ന വിദ്യാലയത്തിന്റെ മേലധികാരിയുടെ സാക്ഷ്യപത്രം/ഫോട്ടോ ഐഡന്റിറ്റി കാർഡ് മത്സരത്തിൽ പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണ്.

9. ജില്ലാതല മത്സരത്തിനുള്ള വിഷയവും ഉപന്യാസ രചനയ്ക്കുള്ള പ്രത്യേകം അച്ചടിച്ച കടലാസ്സുകളും ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർക്ക് മുദ്രവച്ച കവറിൽ കാലേകൂട്ടി നിയമസഭാസെക്രട്ടേറിയറ്റ് നൽകുന്നതായിരിക്കും.

10. ജില്ലാതല മത്സരത്തിന്റെ നടത്തിപ്പും മൂല്യനിർണ്ണയവും ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറുടെ പൂർണ്ണ ചുമതലയിലായിരിക്കും.

11. ഓരോ ജില്ലയിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1000/-രൂപ, 750/- രൂപ എന്ന നിരക്കിൽ കാഷ് അവാർഡും സർട്ടിഫിക്കറ്റും ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകം സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് നൽകുന്നതാണ്.

12. ജില്ലാതലത്തിൽ ഒന്നും, രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികളുടെ രചനകൾ, അവരുടെ പൂർണ്ണ വിവരങ്ങൾ സഹിതം **2008 ജനുവരി 15-ന്** മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

13. ഇത്തരത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും ഒന്നും, രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികളുടെ രചനകൾ നിയമസഭാ സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ വീണ്ടും മൂല്യനിർണ്ണയം നടത്തുന്നതും സംസ്ഥാനതല വിജയികളെ **2008 ജനുവരി 31-ന്** മുൻപായി പ്രഖ്യാപിക്കുന്നതുമാണ്.

14. സംസ്ഥാനതലത്തിലെ ഒന്നും, രണ്ടും മൂന്നും സ്ഥാനക്കാർക്ക് 5000/രൂപ, 3000/ രൂപ 2000/രൂപ എന്ന നിരക്കിൽ കാഷ് അവാർഡും സർട്ടിഫിക്കറ്റും **2008 ഏപ്രിൽ 27**-ാം തീയതി നിയമസഭ സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് നൽകുന്നതാണ്.

15. ഉപന്യാസ മത്സരം സംബന്ധിച്ച എല്ലാ വിഷയങ്ങളിലും അന്തിമ തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.